മൊകേരി പഞ്ചായത്തിനെ വാടക നിയന്ത്രണ ആക്ടിന്റെ പരിധിയിൽ വരുത്തുന്നതിനുള്ള നടപടി

112. [130] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മൊകേരി പഞ്ചായത്തിനെ വാടക നിയന്ത്രണ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി എവിടം വരെയായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മൊകേരി കോഴിക്കോട് ജില്ലയിലെ കുന്നുമ്മേൽ പഞ്ചായത്തിലെ ഒരു സ്ഥലമാണ്. കുന്നുമ്മേൽ പഞ്ചായത്തിൽ വാടക നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

അകപ്പിസിഷൻ നടപടികൾക്കുള്ള സ്റ്റേ

113. [131] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതു ആവശ്യത്തിനായി നോട്ടിഫൈ ചെയ്ത എത്ര സ്ഥലങ്ങളിൽ അകപ്പിസിഷൻ നടപടി സ്വീകരിക്കുന്നതിനെതിരെ സ്റ്റേ ഉത്തരവുകൾ നടത്തിയിട്ടുണ്ട് ;

(ബി) അതിന്റെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

ക്ഷേത്ര പുനരുദ്ധാരണം

114. [132] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നൽകിയത് ആർക്കാണെന്നും തുക എത്രയെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലബാറിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും മറ്റുമായി ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിന് ഗ്രാൻറ്

115. [133] ശ്രീ. പി. സി. ജോർജ് :
,, റ്റി. എസ്. ജോൺ :
,, സി. എഫ്. തോമസ് :
,, എം. വി. മാണി :
,, തോമസ് കല്ലമ്പള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ദേവസ്വംബോർഡിന് ഗ്രാൻറ് നൽകുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly